October 2016
Vol. 13 - Issue 10
Published on
2nd Oct. 2016

Sahyanadham
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



St. Little Teresa of Child Jesus

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
ഒക്ടോബർ 2016
ലക്കം 10




## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 10
Month : October 2016





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| കാരുണ്യ വർഷ പദ്ധതികളിൽ സഹകരിക്കുക | 05 |
| രൂപതക്കച്ചേരി | 10 |
| ക്രിസ്തുജ്യോതി | 14 |
| വിദ്യാഭ്യാസം | 16 |
| സാമൂഹ്യസേവനം | 17 |
| തിരുബാലസഖ്യം | 21 |
| ചെറുപുഷ്പ മിഷൻലീഗ് | 22 |
| കെ.സി.എസ്.എൽ. | 27 |
| കെ.സി.വൈ.എം. | 28 |
| മദ്യവിരുദ്ധസമിതി | 28 |
| കുടുംബ പ്രേഷിതത്വം | 30 |
| നവോമി കുടുംബകേന്ദ്രം | 30 |
| മാതൃവേദി | 31 |
| പ്രാർത്ഥനാഗ്രൂപ്പ് | 32 |
| കത്തോലിക്കാ കോൺഗ്രസ് | 33 |
| കേരള ലേബർ മൂവ്മെന്റ് | 36 |
| കരുണ ആശുപത്രി | 38 |
| ഡി.എഫ്.സി. | 39 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 41 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 43 |


**"Only those who humble themselves before the Lord can experience the greatness of his mercy."**

*Pope Francis, Tweet, Sept. 16, 2016*

## ഓർമ്മിക്കാൻ

### ഒക്ടോബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വി. കൊച്ചുത്രേസ്യ |
| | : | കാവൽമാലാഖ (2 ഞായർ) |
| | : | പ്രാർത്ഥനാഗ്രൂപ്പ് പ്രീച്ചേഴ്സ്, കൗൺസിലേഴ്സ് പ്രോഗ്രാം |
| | : | എ.കെ.സി.സി. കാരുണ്യവർഷ കൺവെൻഷൻ, പാറത്തോട് |
| 04 | : | വി. ഫ്രാൻസിസ് അസ്സീസി |
| 08 | : | കെ.സി.എസ്.എൽ. സംസ്ഥാന സാഹിത്യോത്സവം |
| | : | കെ.എൽ.എം. രൂപതാ കമ്മറ്റി |
| 09 | : | മൂശ ഒന്നാം ഞായർ |
| 10 | : | SMCC രൂപതാതല സംഗമം, ക്രിസ്തുജ്യോതി |
| 10–12 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 11 | : | Deacons and Parents meet, വാഴത്തോപ്പ് |
| | : | സി.എം.എൽ. രൂപതാ കലോത്സവം |
| 13–16 | : | നവോമി ധ്യാനം, ആത്മജ്യോതി, അടിമാലി |
| 14–16 | : | ഏലിശ്വാ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 15 | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| | : | ആവിലായിലെ വി. ത്രേസ്യ |
| 16 | : | മിഷൻ ഞായർ |
| 17 | : | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 18 | : | വി. ലൂക്കാ സുവിശേഷകൻ |
| 19 | : | വൈദികരുടെ സ്റ്റഡി ഫോറം, അടിമാലി |
| 22 | : | പ്രാർത്ഥനാഗ്രൂപ്പ് കാരുണ്യവർഷ കരിസ്മാറ്റിക് കൺവെൻഷൻ, പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി |
| 29 | : | കെ.സി.എസ്.എൽ. രൂപതാ കലോത്സവം |
| | : | തിരുബാലസഖ്യം മേഖലാ കലോത്സവം |
| | : | സഹ്യജ്യോതി +2 ഫൊറോനാ സംഗമം, ക്രിസ്തുജ്യോതി |
| 29–31 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 28 | : | വി. ശിമയോൻ, വി. യൂദാ തദ്ദേവൂസ് ശ്ലീഹന്മാർ |
| 30 | : | പള്ളിക്കൂദാശക്കാലം ആരംഭം |

## C. 24. സർക്കുലർ

# കാരുണ്യവർഷ പദ്ധതികളിൽ സഹകരിക്കുക

മിശിഹായിൽ പ്രിയ സഹോദരരെ,

കാരുണ്യവർഷം നമ്മെ അനുസ്മരിപ്പിക്കുന്നത് ദൈവത്തിന്റെ കരുണ നാം ആഴത്തിൽ മനസ്സിലാക്കി അനുഭവിക്കണമെന്നും, സഹജീവികളോടും പ്രകൃതിയോടും കൂടുതൽ കരുണ കാണിക്കണമെന്നുമാണ്. നാം സ്വന്തമായി കരുതി അനുഭവിക്കുന്നതെല്ലാം ദൈവ കരുണയുടെ അടയാളങ്ങളാണ്. അത് തിരിച്ചറിയുമ്പോൾ നമുക്ക് കൂടുതൽ ഉദാരരാകുവാൻ കഴിയും. ഈ ഉദാരതയാണ് ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര. അവശത അനുഭവിക്കുന്നവരോട് കരുണ കാണിക്കുവാനുള്ള ആഹ്വാനവും അതിന് ലഭിക്കുവാനിരിക്കുന്ന പ്രതിഫലവും വി. ഗ്രന്ഥത്തിൽ ഉടനീളം കാണാവുന്നതാണ്.

''ദരിദ്രരോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ, കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗ്രഹീതനായിരിക്കും. അവിടുന്ന് അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല. കർത്താവ് അവന് രോഗശയ്യയിൽ ആശ്വാസം പകരും. അവിടുന്ന് അവന് രോഗശാന്തി നല്കും'' (സങ്കീ. 41:1 -3) എന്ന് നമ്മൾ സങ്കീർത്തനത്തിൽ വായിക്കുന്നു. ദാനധർമ്മം വഴി ദാരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയാണെന്നും, അത് മരണത്തിൽനിന്ന് നിന്നെ രക്ഷിക്കുകയും അന്ധകാരത്തിൽപ്പെടാതെ കാത്തുസൂക്ഷിക്കുകയും ചെയ്യുമെന്നും തോബിത്തിന്റെ പുസ്തകത്തിൽ വായിക്കുന്നു (തോബിത് 4:10-11). ദൈവത്തിന് നല്കാവുന്ന ഏറ്റവും വലിയ കാഴ്ച ദാനധർമ്മമാണ് (തോബിത് 4:12). ''ദരിദ്രനോട് ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും'' (സുഭാ. 19:17).



പഴയനിയമഗ്രന്ഥങ്ങളിൽ ദശാംശം നല്കുന്നതിനെപ്പറ്റി പഠിപ്പിക്കുമ്പോൾ പ്രധാനമായും ലക്ഷ്യമിടുന്നത് ദാനം ചെയ്യുക എന്ന കാര്യം തന്നെയാണ്. വിശ്വാസത്തിൽ നമ്മുടെ പിതാവായ അബ്രാഹം എല്ലാറ്റിന്റെയും ദശാംശം ദൈവത്തിന് കൊടുത്തിരുന്നു (ഉൽപ. 14:20). ദൈവം തനിക്ക് തരുന്നതിന്റെയെല്ലാം പത്തിലൊന്ന് ദൈവത്തിന് കൊടുക്കും എന്ന് യാക്കോബ് തീരുമാനിച്ചിരുന്നു (ഉൽപ. 28:22). പ്രമാണങ്ങളെല്ലാം അനുസരിച്ചിരുന്ന ധനിക യുവാവിനോട് ഈശോ പറഞ്ഞത് പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും (മത്താ. 19:21) എന്നാണ്.

സമൃദ്ധമായി പങ്കുവയ്ക്കാവുന്ന രീതിയിൽ സമ്പന്നരാണ് നമ്മൾ. എന്നാൽ അത് തിരിച്ചറിയാനും അതനുസരിച്ച് പ്രവർത്തിക്കുവാനുമുള്ള മനസ്സിന്റെ തുറവി എല്ലാവർക്കും ഉണ്ടാകണം. കാരുണ്യവർഷം പ്രമാണിച്ചും അല്ലാതെയും വളരെ ഉദാരമായി പങ്കുവയ്ക്കുന്ന ധാരാളം പേർ നമുക്കിടയിൽ ഉണ്ടെന്നുള്ളത് ഞാൻ അനുസ്മരിക്കുന്നു. എന്നാൽ സഭാമക്കളെല്ലാവരും ഈ ചൈതന്യത്തിലേക്ക് ഇനിയും വളരേണ്ടതുണ്ട്.

വീടുകളിലെ കിടപ്പുരോഗികൾക്ക് സാന്ത്വനവും സഹായവും എത്തിക്കുന്നതിനായി രൂപതാ സാമൂഹ്യക്ഷേമ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ''ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ''പല ഇടവകകളിലും ആരംഭിച്ച് കരുണാർദ്ര സേവനം നല്കുന്നത് വളരെ ശ്ലാഘനീയമാണ്. എല്ലാ ഇടവകകളിലേക്കും ഈ സേവനം വ്യാപിപ്പിക്കുവാൻ വൈദികരും, ഇടവക സമൂഹവും ശ്രദ്ധിക്കണം.

''ഈശോയ്ക്ക് ഒരു വീട്'', ''സപ്പോർട്ട് ടു ജീസസ്സ് ഫാമിലി പ്രോഗ്രാം'' എന്നിങ്ങനെ രണ്ട് പുതിയ കാരുണ്യ പദ്ധതികൾ കൂടി നാം ആരംഭിക്കുകയാണ്. സുരക്ഷിത ഭവനം ഉണ്ടാക്കുന്നതിനായി പരിശ്രമിക്കുന്ന നിർദ്ധനരായ കുടുംബങ്ങൾക്ക് ഒരു കൈത്താങ്

നൽകാൻ നമുക്ക് കഴിയണം. ചില ഇടവകകളിൽ അങ്ങനെയുള്ള ഭവന നിർമ്മാണ പദ്ധതികൾ നടക്കുന്നുണ്ട്. അവയെല്ലാം പെട്ടെന്ന് പൂർത്തീകരിക്കുവാൻ പ്രാർത്ഥിക്കുന്നു. രൂപതാ സമൂഹം ഒന്നടങ്കം പങ്കുചേരാവുന്ന രീതിയിൽ രൂപതാ സാമൂഹ്യക്ഷേമ വിഭാഗവും ചെറുപുഷ്പ മിഷൻലീഗും സംയുക്തമായി ''ഈശോയ്ക്ക് ഒരു വീട്'' എന്ന പേരിൽ പുതിയ ഒരു പദ്ധതി ആരംഭിക്കുകയാണ്. ഈ വർഷത്തെ മിഷൻ ഞായർ ദിവസം മിഷൻലീഗ് അംഗങ്ങൾ എല്ലാ കുടുംബങ്ങളിലും ഒരു 'സംഭാവന ടിൻ' എത്തിക്കും. അത് 2017 മെയ്മാസം വരെ വീടിന്റെ പ്രധാന സ്ഥലത്ത് വയ്ക്കുക. അതിൽ ഉദാരമായി സംഭാവനകൾ നിക്ഷേപിക്കുക. വീട്ടിൽ വരുന്ന അതിഥികളും ഇതിൽ സഹകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. വീട്ടിലെ കുട്ടികൾക്കായിരിക്കും ഇതിന്റെ ഉത്തരവാദിത്വം. മെയ്മാസത്തിൽ കുട്ടികൾ തന്നെ ഈ ടിൻ തിരികെയെടുത്ത് അതിലൂടെ ലഭിച്ച പണം രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുക. ബഹുമാനപ്പെട്ട ജനറാളച്ചന്റെ നേതൃത്വത്തിൽ സോഷ്യൽ സർവ്വീസിന്റെയും മിഷൻലീഗിന്റെയും പ്രതിനിധികൾ ചേരുന്ന കമ്മറ്റി പദ്ധതി നടപ്പാക്കുന്നതിനായി നേതൃത്വം നൽകുന്നതാണ്. എല്ലാവരും ആത്മാർത്ഥതയോടെ സഹകരിച്ചാൽ 100 കുടുംബങ്ങളെയെങ്കിലും അവരുടെ വീട് നിർമ്മാണത്തിൽ സഹായിക്കു വാൻ നമുക്ക് കഴിയും.

''സപ്പോർട്ട് ടു ജീസസ്സ് ഫാമിലി പ്രോഗ്രാം'' എന്ന പേരിൽ തീരെ പാവപ്പെട്ട കുടുംബങ്ങളെ സാമ്പത്തിക പുരോഗതി നേടി കുടുംബ ഭദ്രതയിലേക്ക് നയിക്കുവാനുള്ള മറ്റൊരു പദ്ധതിയും സോഷ്യൽ സർവ്വീസ് സൊസൈറ്റി ആവിഷ്ക്കരിക്കുകയാണ്. സേവ് എ ഫാമിലി പ്രോഗ്രാം വഴി നാളിതുവരെ 550 കുടുംബങ്ങളെ സ്വയം പര്യാപ്തതയിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിദേശത്ത് സ്പോൺസർമാരുടെ എണ്ണം കുറഞ്ഞതിനാൽ ആ പ്രോഗ്രാം ഏതാണ്ട് അവസാനിക്കുകയാണ്.അതിന്റെ സ്ഥാനത്ത് നമ്മുടെയിടയിൽ നിന്നുതന്നെ സ്പോൺസർമാരെ കണ്ടെത്തി പ്രാരംഭഘട്ടത്തിൽ 50 കുടുംബങ്ങളെ 3 വർഷത്തേക്ക് സഹായിക്കുവാൻ ഈ



പദ്ധതി വഴി ലക്ഷ്യമിടുന്നു. കുടുംബ ഭദ്രതയിലേക്കുള്ള ഇവരുടെ വളർച്ചയിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൃത്യമായ ദിശാബോധം നൽകും. തങ്ങൾ ഏത് കുടുംബത്തെയാണ് സഹായിക്കുന്നത് എന്ന് അറിയുവാനും അവരുടെ വളർച്ചയെ നേരിട്ട് മനസ്സിലാക്കുവാനും സ്പോൺസർമാർക്ക് കഴിയും. വലിയ ദൈവാനുഗ്രഹം ലഭിക്കുന്നതും നിരവധി കുടുംബങ്ങൾക്ക് പുതുജീവൻ നല്കുന്നതുമായ ഈ പദ്ധതിയിൽ സഹകരിക്കുവാൻ ധാരാളം പേർ മുന്നോട്ടു വരണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഇത്തരുണത്തിൽ കർത്താവിന്റെ അന്ത്യവിധിയെക്കുറിച്ചുള്ള പ്രഖ്യാപനം നമ്മൾ അനുസ്മരിക്കുന്നത് നല്ലതാണ്. വിശക്കുന്നവർക്ക് ഭക്ഷണവും, ദാഹിക്കുന്നവർക്ക് കുടിക്കാൻ ജലവും, വസ്ത്രമില്ലാത്തവർക്ക് ഉടുക്കാൻ വസ്ത്രവും, കിടപ്പാടമില്ലാത്തവർക്ക് വീടും നല്കുന്നതും, രോഗാവസ്ഥയിലുള്ളവരെ സന്ദർശിക്കുന്നതും, കാരാഗൃഹത്തിൽ കിടക്കുന്നവരെ കണ്ടാശ്വസിപ്പിക്കുന്നതും, പരദേശിക്ക് പാർപ്പിടം നല്കുന്നവർക്കുമാണ് ദൈവരാജ്യത്തിൽ നിത്യസമ്മാനം ലഭിക്കുക. കർത്താവിന്റെ ചെറിയവരായ ദാസൻമാർക്ക് ആശ്വാസം പകരുന്ന പദ്ധതികൾ ആണല്ലോ മുൻ പ്രസ്താപിച്ചിരിക്കുന്നത്. അവയുടെ സഫലീകരണത്തിനായി നമ്മൾ പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുമ്പോഴാണ് കർത്താവിന്റെ വചനം നമ്മുടെ ഇടയിൽ മാംസം ധരിക്കുന്നതും, മറ്റൊരു മനുഷ്യാവതാരം സാധിതമാകുന്നതും. തിരുനാളാഘോഷങ്ങൾ, മാമ്മോദീസ, വിവാഹം, തിരുപ്പട്ടം, കെട്ടിടം പണികൾ ഇവയെല്ലാം ലളിതമായും, മാതൃകാപരമായും നടത്തി ആഡംബരവും ധൂർത്തും ഒഴിവാക്കി ദരിദ്രരെ സഹായിക്കുക കരുണയുടെ ജീവിതശൈലിയാണ്. കരുണയുടെ പ്രവൃത്തികൾ പോലെതന്നെ നമ്മുടെ മനോഭാവങ്ങളും കരുണ നിറഞ്ഞതായിരിക്കണം. അധികാരികൾ അധീനരോടും, മാതാപിതാക്കൾ മക്കളോടും, മക്കൾ മാതാപിതാക്കളോടും, അയൽപക്കങ്ങൾ തമ്മിൽ തമ്മിലും കരുണയോടെ ഇടപെടാനും പെരുമാറാനും സാധിക്കട്ടെ. കരുണാ

സമ്പന്നനായ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ''കരുണാസമ്പന്നനായ ദൈവമേ ഞങ്ങളെ കരുണയുള്ളവരാക്കണമേ'' (ലൂക്കാ 6:36) എന്ന് നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവർഷ സ്മാരകങ്ങളായി ഈ പദ്ധതികൾ നമുക്ക് ഹൃദയത്തിൽ ഏറ്റുവാങ്ങാം. വലിയ സാമ്പത്തിക ഭാരമില്ലാതെതന്നെ സഹകരിച്ച് ഇവയെ വിജയിപ്പിക്കാം. നന്മയും കരുണയും പങ്കുവയ്ക്കുന്നതിൽ നാം മറ്റെല്ലാവർക്കും മാതൃകയാകണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എന്ന്,

✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ സർക്കുലർ ഒക്ടോബർ മാസം 9-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.





# രൂപതക്കച്ചേരി

**C. 66/16 വൈദികർക്കായുള്ള സ്റ്റഡിഫോറം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡിഫോറം 2016 ഒക്ടോബർ 19 തീയതി നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡിഫോറത്തിൽ പങ്കെടുക്കേണ്ടതാണ്. ഒക്ടോബർ മാസത്തിലെ സ്റ്റഡിഫോറം നേരത്തെ അറിയിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി എല്ലാ വൈദികർക്കും ഒരുമിച്ച് അടിമാലി ആത്മജ്യോതിയിൽ ആയിരിക്കുമെന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

അടിമാലി : ഒക്ടോബർ 19 (ബുധൻ)
സമയം : 10.00 am - 4.00 pm.

*Bishop*

**C. 67/16 അറിയിപ്പ്**

പെരിഞ്ചാംകുട്ടി ഇടവക കളപ്പുരയ്ക്കൽ മേരിയും, വൈരമണി (കുളമാവ്) ഇടവക ആനിമൂട്ടിൽ വർക്കിയും (അച്ചൻകുഞ്ഞ്) തമ്മിൽ 1964-ൽ വിവാഹം ചെയ്തിരുന്നു. ടി വർക്കിയെക്കുറിച്ച് 50 വർഷമായി യാതൊരു വിവരവുമില്ല. ഇവരുടെ വിവാഹക്കേസ് സഭാക്കോടതിയുടെ പരിഗണനയിലായതിനാൽ ഇയാളെക്കുറിച്ച് എന്തെങ്കിലും അറിവ് ലഭിച്ചാൽ രണ്ടാഴ്ചക്കുള്ളിൽ താഴെക്കാണുന്ന ഫോൺ നമ്പറിലോ അഡ്രസ്സിലോ അറിയിക്കണമെന്നു താത്പര്യപ്പെടുന്നു.

Eparchial Tribunal
Bishop's House, Karimpan
Manippara P.O., Idukki 685 602
Ph. 04862 - 230 204



യൂറോപ്പിലെ സീറോമലബാർ
വിശ്വാസികളുടെ അപ്പസ്തോലിക്
വിസിറ്റേറ്റർ അഭിവന്ദ്യ മാർ
സ്റ്റീഫൻ ചിറപ്പണത്ത് പിതാവിനും
ബ്രിട്ടണിലെ സീറോമലബാർ രൂപതയുടെ
മെത്രാൻ അഭിവന്ദ്യ മാർ
ജോസഫ് ശ്രാമ്പിക്കൽ പിതാവിനും
ഇടുക്കി രൂപതാ കുടുംബത്തിന്റെ
അഭിനന്ദനങ്ങളും
പ്രാർത്ഥനാശംസകളും....



# അഭിനന്ദനങ്ങൾ





സംസ്ഥാന അദ്ധ്യാപക
അവാർഡ് ജേതാക്കളായ
മുരിക്കാശ്ശേരി സെന്റ് മേരിസ്
എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ
ശ്രീ. സണ്ണി ജോർജിനും
ഇരട്ടയാർ സെന്റ് തോമസ്
ഹയർ സെക്കണ്ടറി സ്കൂൾ
അദ്ധ്യാപകൻ
ശ്രീ. റെജി ജോസഫിനും
ഇടുക്കി രൂപതയുടെ
ഹൃദയംഗമായ
അഭിനന്ദനങ്ങൾ...!!

## C. 68/16 മിഷൻ ഞായർ

ഒക്ടോബർ 16-ാം തീയതി സഭ ആഗോള തലത്തിൽ മിഷൻ ഞായർ ആഘോഷിക്കുന്നു. മിഷൻ ഞായർ സമുചിതമായി ആചരിച്ചുകൊണ്ട് നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സഹകരിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ചുള്ള മിഷൻ പിരിവ് എല്ലാ ഇടവകകളിലും നടത്തേണ്ടതും ആ പിരിവിലൂടെ ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതുമാണ്.

*Bishop*

## C. 69/16 തിരുപ്പട്ടസ്വീകരണം 2016-17

ഇടുക്കി രൂപതയിൽനിന്നും 2016-17 വർഷത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ബഹു. ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും വികാരിയച്ചൻമാരുടെയും ഒരു സമ്മേളനം ഒക്ടോബർമാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.30 മുതൽ കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തപ്പെടുന്നു. തിരുപ്പട്ട സ്വീകരണത്തെയും അതിന്റെ ക്രമീകരണങ്ങളെയും സംബന്ധിച്ച പ്രധാനപ്പെട്ട പൊതുനിർദ്ദേശങ്ങൾ നൽകുന്ന ഈ സംഗമത്തിലേക്ക് സന്യാസ സഭകൾക്കായി പട്ടം സ്വീകരിക്കാനൊരുങ്ങുന്നവരുൾപ്പെടെ എല്ലാ ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും സാന്നിദ്ധ്യം ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തുമല്ലൊ.

*Proto Syncellus*

## C. 70/16 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം | ഒക്ടോബർ 04 |
| റവ. ഫാ. ഫ്രാൻസീസ് കോലോത്ത് | ,, |
| റവ. ഫാ. ഫ്രാൻസീസ് ചുനയന്മാക്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ | ,, |
| റവ. ഫാ. അബ്രാഹം പുറയാറ്റ് | ഒക്ടോബർ 09 |
| റവ. ഫാ. ലൂക്ക് ആനിക്കുഴിക്കാട്ടിൽ | ഒക്ടോബർ 18 |
| റവ. ഫാ. ലൂക്ക് തച്ചാപറമ്പത്ത് | ,, |



| | |
|---|---|
| റവ. ഫാ. സഖറിയാസ് കുമ്മണ്ണൂപറമ്പിൽ | നവംബർ 05 |
| റവ. ഫാ. സഖറിയാസ് പുതിയാപറമ്പിൽ | ,, |
| റവ. ഫാ. സഖറിയാസ് കുറുപ്പശ്ശേരിൽ | ,, |
| റവ. ഫാ. സ്കറിയ ഉറുമ്പിൽ | ,, |

# ക്രിസ്തുജ്യോതി

## CJ. 65/16 XI, XII ക്ലാസുകളിലെ ഒന്നാം ടേം പരീക്ഷ

ഒന്നാം ടേം XI, XII ക്ലാസുകളിലെ പരീക്ഷ കലണ്ടറിൽ കൊടുത്തിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച 11 am നാണ് നടത്തേണ്ടത്. ബാക്കി ക്ലാസുകളിലെ പരീക്ഷ ഒക്ടോബർ 2 ന് ഞായറാഴ്ച തന്നെയാണ് നടത്തേണ്ടത്. ചോദ്യ പേപ്പറുകൾ അതാതു വിതരണകേന്ദ്രങ്ങളിൽ നിന്നും ഏറ്റുവാങ്ങേണ്ടതാണ് (വിശദ വിവരങ്ങൾക്ക് സഹ്യനാദം സെപ്റ്റംബർ ലക്കം നോക്കുക).

## CJ. 66/16 സൺഡേ സ്കൂൾ ടൈംസ്

വിശ്വാസപരിശീലകരുടെ ''സൺഡേ സ്കൂൾ ടൈംസ്'' പത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി നവംബർ 14 ആണ് (വിശദവിവരങ്ങൾക്ക് ഫയൽ നോക്കുക).

## CJ. 67/16 SMCC രൂപതാതല സംഗമം

SMCC രൂപതാതല പ്രതിഭാ സംഗമം ഒക്ടോബർ 10-ാം തീയതി 10 am മുതൽ 12-ാം തീയതി 3.00 pm വരെ അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. നമ്മുടെ രൂപതയിലെ ഫൊറോന തലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളാണ് രൂപതാ സംഗമത്തിൽ പങ്കെടുക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 350 രൂപ.

## CJ. 68/16 അർദ്ധ വാർഷിക റിപ്പോർട്ട്

അർദ്ധ വാർഷിക റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി ഒക്ടോബർ 10 ആണ്.

**CJ. 69/16 സാഹ്യജ്യോതി +2 ഫൊറോന സംഗമം**

12-ാം ക്ലാസിൽ വിശ്വാസ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ കുട്ടികളേയും അതാതു ഫൊറോനകളിൽ ഒന്നിച്ചുകൂടി ''സഹ്യജ്യോതി +2 മീറ്റ്'' എന്ന പേരിൽ സംഗമം ഒക്ടോബർ 29 ന് നടത്തപ്പെടുന്നു. +2 മീറ്റ് വിശ്വാസ പരിശീലന പരിപാടിയുടെ ഭാഗമാണ്. 12-ാം അറ്റൻഡൻസ് രജിസ്റ്ററിന്റെ ഒരു കോപ്പിയുമായി ക്ലാസ് ടീച്ചറും +2 മീറ്റിൽ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് 50 രൂപയാണ്. ഉച്ചഭക്ഷണം കുട്ടികൾക്ക് നല്കുന്നതായിരിക്കും. കുട്ടികൾ നോട്ടുബുക്ക്, പേന, എന്നിവ കൊണ്ടുവരേണ്ടതാണ്. ക്ലാസുകൾ നടത്തുവാനും ഉച്ചഭക്ഷണം കൊടുക്കുവാനുമുള്ള ക്രമീകരണങ്ങൾ ബഹു. ഫൊറോന വികാരിയച്ചന്മാരും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരും കൂടി ആലോചിച്ച് വേണ്ടതു ചെയ്യുമല്ലോ. രാവിലെ 9.30 ന് രജിസ്ട്രേഷനോടെ പരിപാടി ആരംഭിക്കുന്നതും 3.30 ന് അവസാനിക്കുന്നതുമാണ്.

വെള്ളത്തൂവൽ ഫൊറോനയിൽ +2 സംഗമം ഇല്ല. വെള്ളത്തുവൽ ഫൊറോനയിലെ കല്ലാർകുട്ടി, ചെല്യാംപാറ, കുത്തുപാറ എന്നീ ഇടവകകളിലെ കുട്ടികൾ കൂമ്പൻപാറ ഫൊറോനയിലെ കുട്ടികൾക്കൊപ്പം അടിമാലി ആത്മജ്യോതിയിലും ബാക്കി ഇടവകയിലെ കുട്ടികൾ രാജാക്കാടുമാണ് പങ്കെടുക്കേണ്ടത്. കൂമ്പൻപാറ ഫൊറോനയിലെ സഹ്യജ്യോതി +2 മീറ്റ് അടിമാലി ആത്മജ്യോതിയിൽ വച്ചാണ്.

**CJ. 70/16 H.M. Conferance**

സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സ്, സ്റ്റാഫ് സെക്രട്ടറി, ആനിമേറ്റേഴ്സ് സംഗമം നവംബർ 12 ന് വാഴത്തോപ്പ് സെന്റ് ജോർജ്ജ് U.P. സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. 9 am ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്ന കോൺഫ്രൻസ് 3 pm ന് സമാപിക്കും രജി. ഫീസ് 50 രൂപ ആണ്. എല്ലാ സൺഡേ സ്കൂളിലെയും ഹെഡ്മാസ്റ്റർമാരും, സ്റ്റാഫ് സെക്രട്ടറിയും, സൺഡേ സ്കൂൾ ആനിമേറ്റേഴ്സും നിർബന്ധമായും ഈ കോൺഫ്രൻസിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഡോ. പി.സി. അനിയൻ കുഞ്ഞ്



(റിട്ടയേർഡ് പ്രിൻസിപ്പൽ, സെന്റ് അലോഷ്യസ് കോളേജ് എടത്വ) ക്ലാസ് നയിക്കും.

**CJ. 71/16 റീജിയണൽ കൺവെൻഷൻ**

നമ്മുടെ സൺഡേ സ്കുളുകളിലെ എല്ലാ മതാദ്ധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് രൂപതയിലെ 5 കേന്ദ്രങ്ങളിൽ റീജയണൽ കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നു. ഈ കൺവെൻഷനിൽ എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഞായറാഴ്ച റീജിയണൽ കൺവെൻഷൻ നടക്കുന്ന റീജയണുകളിൽ അന്നേദിവസം വേദപാഠക്ലാസുകൾക്ക് അവധി നല്കുകയോ അല്ലെങ്കിൽ കുട്ടികൾക്കായി മറ്റെന്തെങ്കിലും സെമിനാറുകൾ സംഘടിപ്പിക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.15 ന് വി. കുർബാനയോടെ ആരംഭിക്കുന്ന കൺവെൻഷൻ ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കും. രജി. ഫീസ് 50 രൂപയാണ് ഒരോ റീജിയണിലും പങ്കെടുക്കുന്ന അദ്ധ്യാപകരുടെ എണ്ണം ക്രിസ്തുജ്യോതി ഒഫിസിൽ മുൻകൂട്ടി അറിയിക്കുമല്ലോ.

| സ്ഥലം | തീയതി | ഫൊറോനകൾ |
|---|---|---|
| അടിമാലി | ഡിസംബർ 03 | കൂമ്പൻപാറ, പാറത്തോട് |
| രാജാക്കാട് | ഡിസംബർ 04 | രാജാക്കാട്, വെള്ളത്തൂവൽ |
| നെടുംകണ്ടം | ഡിസംബർ 10 | വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി |
| ഇരട്ടയാർ | ഡിസംബർ 11 | നെടുംകണ്ടം |
| വാഴത്തോപ്പ് | ഡിസംബർ 12 | വാഴത്തോപ്പ്, ചുരുളി. |

## CORPORATE EDUCATIONAL AGENCY

**Edn. 29/16 ജപമാല ആചരണം**

ഒക്ടോബർ മാസം ജപമാല മാസമാണല്ലോ. കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെയും കെ.സി.എസ്.എൽ.ന്റെയും നേതൃത്വത്തിൽ എല്ലാ സ്കൂളുകളിലും ജപമാല ആചരണം ഭക്തി നിർഭരമായി നടത്തുമല്ലോ. എല്ലാ അദ്ധ്യാപകരുടേയും സാന്നിദ്ധ്യം ഈ ആചരണത്തിൽ സജീവമായി ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കട്ടെ.

## Edn. 30/16 Maintenance Grant

2015-16 വർഷത്തെ Maintenance Grant ന്റെ കണക്കും വൗച്ചറുകളും 01-10-2014 ലെ MG -01/14-ാം നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം തയാറാക്കി, 08-10-2016 നു മുമ്പായി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. 2014-15 ലെ വൗച്ചറുകൾകൂടി സമർപ്പിക്കണം.

## Edn. 31/16 അനുമോദനങ്ങൾ

സംസ്ഥാന അദ്ധ്യാപക അവാർഡ് കരസ്ഥമാക്കിയ ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ ശ്രീ. റെജി ജോസഫിനും മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സണ്ണി ജോർജ്ജിനും ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങളും ആശംസകളും.

## Edn. 32/16 നന്ദി

നമ്മുടെ ഹയർസെക്കണ്ടറി, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി വാർഷിക ധ്യാനം നടത്തി തന്നു സഹകരിച്ച ക്ലാരസഭ, കർമ്മലീത്താസഭ, ആരാധനസഭ ടീമംഗങ്ങൾക്കും അവർക്ക് എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നല്കിയ ബഹു. പ്രൊവിൻഷ്യൽ സിസ്റ്റേഴ്സിനും രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ നന്ദി അറിയിക്കുന്നു.

# സോഷ്യൽ സർവ്വീസ്

## SS 73/16 ഓണാഘോഷം ട്രൈബൽ സ്കൂളിൽ

സെപ്തംബർ8-ാം തീയതി മറയൂരിലെ ഗിരിജ്യോതി എൽ.പി. സ്കൂളിൽ എച്ച്.ഡി.എസ്സിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷപരിപാടികൾ നടത്തി. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഓണക്കളികൾ സംഘടിപ്പിക്കുകയും പായസവിതരണം നടത്തുകയും ചെയ്തു. ഓണാഘോഷങ്ങളുടെ ഭാഗമായി നടന്ന പൊതു



സമ്മേളനത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അദ്ധ്യക്ഷത വഹിക്കുകയും ആശംസകൾ നേരുകയും ചെയ്തു. സ്കൂൾ ടീച്ചേഴ്സും എച്ച്.ഡി.എസ്. സ്റ്റാഫ് അംഗങ്ങളും, ജലനിധി സ്റ്റാഫ് അംഗങ്ങളുംപരിപാടികൾക്ക് നേതൃത്വം നൽകി.

## SS 74/16 ത്രിദിന ശില്പശാല - മറയൂരിൽ

നബാർഡും എച്ച്.ഡി.എസ്സും സഹകരിച്ച് നടത്തുന്ന ആദിവാസി ക്ഷേമ പദ്ധതിയുടെ ഭാഗമായി 'ജൈവ കൃഷി പ്രോത്സാഹനവും നൂതന കൃഷി രീതികളും' എന്ന വിഷയത്തെ ആസ്പദമാക്കി 3 ദിവസം നീണ്ടുനിന്ന ശില്പശാല സെപ്തംബർ 8, 9, 10 തീയതികളിലായി സംഘടിപ്പിച്ചു. മറയൂരിലെ 6 ഗ്രാമങ്ങളിൽ നിന്നായി 150 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. അഗ്രിക്കൾച്ചർ ഓഫീസർ ബി. സുഗതൻ ക്ലാസ്സുകൾ എടുത്തു. പദ്ധതി കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, ശ്രീ. എബിൻ കുറുന്താനം, കുമാരി മായാദേവി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## SS 75/16 നബാർഡ് പദ്ധതി വിലയിരുത്തൽ

സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ നടത്തുന്ന വിവിധ പ്രോജക്ടുകളുടെ വിലയിരുത്തലിനും 2016-17 സാമ്പത്തിക വർഷത്തെ പുതിയ പദ്ധതികളുടെ ചർച്ചകൾക്കുമായി നബാർഡിന്റെ തിരുവനന്തപുരം ഓഫീസിൽ നടന്ന സമ്മേളനത്തിൽ പ്രോജക്ട് കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ പങ്കെടുത്തു.

## SS 76/16 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ആഗസ്റ്റ് മാസം 12 അംഗങ്ങൾക്കായി 34000 രൂപ ക്യാൻസർ രോഗത്തിനും മറ്റ് ചികിത്സകൾക്കും വിദ്യാഭ്യാസ ആവശ്യത്തിനുമായി നൽകി.

## SS 77/16 ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, ഇടുക്കി

ഇടുക്കി രൂപതയുടെ കീഴിൽ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ആരംഭിച്ച പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തന

ങ്ങൾ ചെമ്പകപ്പാറ, പച്ചടി, ആന്റോപുരം, നെടുംകണ്ടം, കല്ലാർ, ചിന്നാർനിരപ്പ്, നീലിവയൽ, പണിക്കൻകുടി, തൊവരയാർ, പാറത്തോട്, മുക്കുടം കുതിരക്കല്ല്, വാഴവര, ചെമ്മണ്ണാർ, ചുരുളി, രാജപുരം എന്നീ ഇടവകകളിൽകൂടി ആരംഭിച്ചു. ഇതിൽ 9 യൂണിറ്റുകൾക്ക് സെപ്തംബർ 17-ാം തീയതി മുരിക്കാശ്ശേരി അൽഫോൺസാ ഹോസ്പിറ്റലിൽ വച്ച് ഡോ. ജോയ് തോമസ്, ഡോ. സി. സുഗുണ, ഡോ. സി. ലിൻസി എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നല്കുകയും ആവശ്യമായ ഉപകരണങ്ങൾ അടങ്ങിയ റ്റൂൾകിറ്റ് വിതരണം ചെയ്യുകയും ചെയ്തു.

## SS 78/16 ജനറൽ ബോഡി മീറ്റിംഗ്

എച്ച്.ഡി.എസ്സിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗ് 03-09-2016 രാവിലെ 10 മണിക്ക് ഇടുക്കി ബിഷപ്സ് ഹൗസിൽ നടന്നു. മോൺ. ജെയിംസ് മംഗലശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. 2015-2016 സാമ്പത്തിക വർഷത്തെ സൊസൈറ്റിയുടെ കണക്കുകളും റിപ്പോർട്ടും എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അവതരിപ്പിച്ചു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എല്ലാവരും ഏകകണ്ഠേന പ്രശംസിക്കുകയും അടുത്ത വർഷത്തെ പുതിയ പദ്ധതികളെപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾക്കായി ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

## SS 79/16 പ്രത്യേക അംഗീകാരം

സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രോഗ്രാം ഓഫീസർ ശ്രീ. സിബി തോമസ് മാളിയേക്കലിനേയും, അക്കൗണ്ടന്റ് ശ്രീമതി മോളി സാബു നെല്ലിക്കുന്നേലിനേയും മെമന്റോയും ക്യാഷ് അവാർഡും നൽകി, രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ആദരിച്ചു. കേരള സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവായ



ജനറൽ ബോഡി അംഗം ശ്രീ. സണ്ണി കരിവേലിക്കലിനെ ഷാൾ അണിയിച്ച് സൊസൈറ്റി പ്രസിഡന്റ് മോൺ. ജെയിംസ് മംഗലശ്ശേരി ആദരിച്ചു.

## SS 80/16 ഊർജ്ജകിരൺ പദ്ധതി 2016-17

എനർജി മാനേജ്മെന്റ് കേരള, സെന്റർ ഫോർ എൺവയൺമെന്റ് ആന്റ് ഡെവലെപ്മെന്റ് എന്നിവയുടെ സഹ കരണത്തോടെ എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ ഇടുക്കി, ദേവികുളം, ഉടുമ്പൻചോല നിയോജക മണ്ഡലങ്ങളിൽ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് ''ഊർജ്ജകിരൺ 2016-2017'' പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചു. ഇതുമായി ബന്ധപ്പെട്ട് കോട്ടയം ഐ.എം.സി. ഹാളിൽ വച്ച് സെന്റർ ഫോർ എൺവയൺമെന്റ് ആന്റ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ ആലോചനായോഗം നടന്നു. എച്ച്.ഡി.എസ്സിൽ നിന്നും പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനത്ത് പങ്കെടുത്തു.

## SS 81/16 തൈ വിതരണം

ജൈവകൃഷി പ്രോത്സാഹനാർത്ഥം എച്ച്.ഡി.എസ്സിൽ നിന്നും സൊസൈറ്റിയുടെ തന്നെ നേഴ്സറിയിൽ തയ്യാറാക്കിയ 10,000 കപ്പ് പച്ചക്കറി തൈകളും, 1800 പായ്ക്കറ്റ് വിത്തുകളും 280 പഴച്ചെടികളും 720 തെങ്ങിൻ തൈകളും വിതരണം ചെയ്തു.

## SS 82/16 സ്വയം തൊഴിൽ പദ്ധതി

പാലക്കാട് ആസ്ഥാനമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വയം തൊഴിൽ പദ്ധതികളുടെ നൂതന പദ്ധതികളിൽ ഒന്നായ വേസ്റ്റ് ബനിയൻ തുണികൊണ്ട് മിഷൻ ഉപയോഗിച്ച് കടകളിൽ ഉപയോഗിക്കുന്ന വേസ്റ്റ് നിർമ്മിക്കുന്ന വിധം ശ്രീ. എബിൻ കുറുന്താനം പാലാക്കട് പോയി നേരിൽ കണ്ട് മനസ്സിലാക്കി. സൊസൈറ്റിയുടെ കീഴിൽ ഇങ്ങനെയൊരു പുതിയ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

## SS 83/16 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**പണിക്കൻകുടി**

പണിക്കൻകുടി യൂണിറ്റിന്റെ വാർഷികം ജൂലൈ മാസം 23-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസഫ് കട്ടക്കയത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത യോഗത്തിൽ യൂണിറ്റ് സെക്രട്ടറി ശ്രീ. വർക്കിച്ചൻ റിപ്പോർട്ടും, കണക്കും അവതരിപ്പിച്ചു. എല്ലാ അംഗങ്ങളും പങ്കെടുത്ത പരിപാടികൾക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പാറത്തോട്**

പാറത്തോട് യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് മാസം 21-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസ് ചിറ്റടിയുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത യോഗത്തിൽ യൂണിറ്റ് സെക്രട്ടറി ശ്രീമതി അമ്മിണി ജോയി റിപ്പോർട്ടും, കണക്കും അവതരിപ്പിച്ചു. എച്ച്.ഡി.എസ്. സ്റ്റാഫ് ശ്രീ. മെൽബിൻ മാത്യു, ആനിമേറ്റർ ശ്രീമതി മേരിക്കുട്ടി സെബാസ്റ്റ്യൻ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# തിരുബാലസഖ്യം

## HC 26/16 മേഖലാ കലോത്സവം

ഈ വർഷത്തെ മേഖലാ കലോത്സവം ഒക്ടോബർ 29 ശനിയാഴ്ച അതാത് മേഖലാ കേന്ദ്രങ്ങളിൽ നടത്തുന്നതാണ്. ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ 10-ാം തിയതിക്കു മുമ്പായി അതാതു മേഖലാ മോഡറേറ്റർമാരെ ഏൽപ്പിക്കേണ്ടതാണ്.



## HC 27/16 രൂപതാ കലോത്സവം

രൂപതാ കലോത്സവം നവംബർ 12 -ാം തീയതി ശനിയാഴ്ച രാവിലെ 09.30 മുതൽ വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തുന്നതാണ്.

# ചെറുപുഷ്പ മിഷൻലീഗ്

## CML 36/16 വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, സ്ഥാപകദിനം

സി.എം.എൽ.ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ഒക്ടോബർ 1-ാം തീയതി ശാഖകളിൽ സമുചിതമായി ആഘോഷിക്കുമല്ലോ. അന്നേ ദിവസം അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തേണ്ടതാണ്.

സി.എം.എൽ. ന്റെ 70-ാം സ്ഥാപകദിനവും പതാകവന്ദനവും ഒക്ടോബർ 3-ാം തീയതി ശാഖകളിൽ നടത്തുമല്ലോ.

## CML 37/16 അൾത്താര ബാലന്മാർക്ക് ക്യാമ്പ്

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ അൾത്താരബാലന്മാർക്കായി ഒരു ക്യാമ്പ് ഒക്ടോബർ 7-ാം തീയതി വൈകുന്നേരം 5 മണിക്കാരംഭിച്ച് 10-ാം തീയതി ഉച്ചയ്ക്ക് ഒരുമണിക്ക് അവസാനിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഒരു ശാഖയിൽ നിന്നും 2 കുട്ടികളെയെങ്കിലും പങ്കെടുപ്പിക്കുമല്ലോ. രണ്ടിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്നവർ ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

## CML 38/16 രൂപതാ കലോത്സവം

സി.എം.എൽ. ഇടുക്കി രൂപതാ കലോത്സവം 2016 ഒക്ടോബർ മാസം 11-ാം തീയതി ചൊവ്വാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസ്.എസ്. ൽ രാവിലെ 9 മണിക്ക് പതാക ഉയർത്തലോടു

കൂടി ആരംഭിക്കുന്നതാണ്. മേഖലകളിൽ നിന്നുള്ള മത്സരാർത്ഥികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. ഡയറക്ടർ അച്ചന്മാരും മോഡറേറ്റർ സിസ്റ്റേഴ്സും മേഖലാ ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ. പരിചമുട്ടുകളി, മാർഗ്ഗംകളി, ബൈബിൾ ദൃശ്യാവതരണം, നാടോടി നൃത്തം എന്നീ മത്സരങ്ങളിൽ ശാഖകളിൽ നിന്ന് പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 5 നു മുൻപ് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## CML 39/16 പ്രതിഭാ സംഗമം

രൂപതാ സാഹിത്യോത്സവത്തിൽ വിജയികളായവർക്കു വേണ്ടി സെപ്റ്റംബർ മാസം 20-ാം തീയതി മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് പ്രതിഭാ സംഗമം നടത്തി. റവ. ഫാ. മാത്യു അരിപ്ലാക്കൽ ക്ലാസ് നയിച്ചു. പ്രതിഭാ സംഗമത്തിന് രൂപതാ ഭാരവാഹികൾ നേതൃത്വം നല്കി.

## CML 40/16 സംസ്ഥാന സാഹിത്യ മത്സരം ജീവജലം വചനമെഴുത്ത് മത്സരം

സംസ്ഥാന സാഹിത്യ മത്സരവും ജീവജലം വചനമെഴുത്ത് മത്സരവും മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ സെപ്റ്റംബർ മാസം 21-ാം തീയതി നടത്തി. കുട്ടികളെ പങ്കെടുപ്പിച്ച ബഹു. ഡയറക്ടർ അച്ചന്മാർക്കും മോഡറേറ്റർ സിസ്റ്റേഴ്സിനും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിച്ചുകൊള്ളുന്നു.

## CML 41/16 അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുനാൾ

സെപ്റ്റംബർ 21-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന സി.എം.എൽ. രൂപതാ രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിനെ അന്നേ ദിവസം രൂപതാ ഭാരവാഹികൾ സന്ദർശിച്ച് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേരുകയും ചെയ്തു.



## CML 42/16 രൂപതാ സാഹിത്യ മത്സര വിജയികൾ

### സബ് ജൂനിയർ വാട്ടർ കളർ

Ist റോസ് മരിയാ സെബാസ്റ്റ്യൻ അമ്പഴത്തിനാൽ, പൊൻമുടി
IInd അന്ന ഷാജി തെങ്ങുംപ്പിള്ളിൽ, രാജാക്കാട്
IIIrd അന്ന ടോം കരോട്ടുകിഴക്കേൽ, പന്നിയാർകുട്ടി

### ജൂണിയേഴ്സ് പെൻസിൽ ഡ്രോയിംഗ്

Ist ഡയാന ഡെന്നി കുമ്പാട്ട്, വാഴത്തോപ്പ്
IInd അലീന സിബി തട്ടുംപറമ്പിൽ, പണിക്കൻകുടി
IIIrd ഗ്ലാഡ്വിൻ ബിനോയി എഴുത്തുപുരയ്ക്കൽ, മാവടി

### സീനിയേഴ്സ് പെൻസിൽ ഡ്രോയിംഗ്

Ist എബിറ്റ് സിബി കുമ്പളങ്കാമലയിൽ - ഉപ്പുതോട്
IInd നമിതാ ടോം പൂനത്ത്, ഇരട്ടയാർ
IIIrd ജിബിൻ ജെയിംസ് വാഴക്കുളത്തിൽ, എഴുകുംവയൽ
IIIrd എബി ജോസഫ് മൂഴയിൽ, കോഴിമല

### ജൂണിയർ ആൺകുട്ടികൾ

#### ഉപന്യാസം

Ist ഏയ്ഞ്ജലോ ജോക്കബ് താഴത്തുതയ്യിൽ, ആനക്കുളം
IInd മെൽബിൻ സെബാസ്റ്റ്യൻ മറനാട്ട്- ഉദയഗിരി
IIIrd ജോർജ്കുട്ടി ജെയിംസ് മുല്ലനട, കാൽവരിമൗണ്ട്

#### കവിത

Ist റെറ്റിൻ ജോസഫ് വെള്ളക്കാക്കുടിയിൽ- ചുരുളി
IInd റോണാൾഡ് റെജി നടുവത്തേട്ട്, വെള്ളയാംകുടി
IIIrd ജിതിൻ സജി ചാരുവിളപുരയിടം, വെള്ളയാംകുടി

#### ചെറുകഥ

Ist ചെറിയാൻ തോമസ് വലിയകുളത്തിൽ, വെള്ളായാംകുടി
IInd നിവിൻ വർഗീസി വടക്കേകളം, മുട്ടുകാട്
IIIrd ആൻജോസി എ.ജെ ഏച്ചാരുകുടിയിൽ ആനച്ചാൽ

### ജൂണിയർ പെൺകുട്ടികൾ

**ഉപന്യാസം**

I st സ്നേഹ സണ്ണി കൊച്ചുവേലിക്കാത്ത്, വെൺമണി
II nd അൻസ്മോൾ റോബിൻ പതിയിൽ, തൊവരയാർ
III rd റോസ് മരിയ രാജു തൈപ്പറമ്പിൽ- തങ്കമണി

**കവിത**

I st ഡെൽന മോൾ ടോമി അവിയിൽ, പണിക്കൻകുടി
II nd അന്നു മരിയ തോമസ് പുതുപറമ്പിൽ, നെടുംകണ്ടം
III rd സ്നേഹ മരിയ റോയി പറയിൽ, മാവടി

**ചെറുകഥ**

I st അമല സോയി മാളിയേക്കൽ, കൂമ്പൻപാറ
II nd എമിൻ മരിയ ഡൊമിനിക്ക് കുന്നക്കാട്ട്, പണിക്കൻകുടി
III rd ജിസ്മി സിജു കുറുമുളംതടത്തിൽ, കാൽവരിമൗണ്ട്

### സീനിയർ ആൺകുട്ടികൾ

**ഉപന്യാസം**

I st ജിതിൻ സാജു പോത്താനിക്കാട്, ചെല്യാംപാറ
II nd മാനുവൽ റോയിസൺ ആനിക്കുഴിക്കാട്ടിൽ, കുഞ്ചിത്തണ്ണി
III rd നിഖിൽ സാബു കുറുമ്പത്ത്, പണിക്കൻകുടി

**കവിത**

I st സെൽജിൻ വി. ജോസഫ് വാളികുളത്ത്, മുരിക്കാശ്ശേരി
II nd കെവിൻ മനോജ് വടയിൽ, കഞ്ഞിക്കുഴി
III rd ആഷ്ബിൻ ബെന്നി പാറയ്ക്കൽ, കല്ലാറുകുട്ടി

**ചെറുകഥ**

I st ജെസ്റ്റിൻ ടി.സി. ചക്കാലയിൽ, പാണ്ടിപ്പാറ
II nd നിവിൻ വർഗീസ് വടക്കേകളം, മുട്ടുകാട്
III rd ആൻജോസി എ.ജെ. അച്ചാരുകുടിയിൽ, ആനച്ചാൽ

### സീനിയർ പെൺകുട്ടികൾ

**ഉപന്യാസം**

I st ആൻസ് മരിയ സാന്റോ തളിപറമ്പിൽ, ചുരുളി



II nd ഐശ്വര്യ ഷാജൻ വട്ടംപുറത്ത്, പാറത്തോട്
III rd അഞ്ചന നോബിൾ നെടുവേലിൽ, കൂമ്പൻമല

**കവിത**

I st അഞ്ജന തോമസ് അയ്യംമലയിൽ, ഉദയഗിരി
II nd ജോസ്മി അബ്രാഹം കിഴക്കേൽ, ചെമ്മണ്ണാർ
III rd ഷാലറ്റ് സാബു വട്ടക്കാട്ട്, പെരിഞ്ചാംകുട്ടി

**ചെറുകഥ**

I st അഞ്ജന തോമസ് അയ്യംമലയിൽ, ഉദയഗിരി
II nd അലാന ബെന്നി പുല്ലൻകുന്നേൽ, കല്ലുപാലം
III rd ജ്യോതിസ് അബ്രാഹം ചീരംകുന്നേൽ, നാലുമുക്ക്

### സൂപ്പർ സീനിയർ ആൺകുട്ടികൾ

**ഉപന്യാസം**

I st മനു കെ. ഫിലിപ്പ് കൂടപ്പാട്ട്, നെടുംകണ്ടം
II nd അർവിൻ മാത്യു വെള്ളയ്ക്കാകുടിയിൽ, പാറത്തോട്
III rd സാൻ ജെയിംസ് കുന്നേൽ, മാവടി

**കവിത**

I st ജോളി വർഗീസ് മൊട്ടക്കുന്നേൽ, മറിയാറംകുടി
II nd ഷിന്റോ മാത്യു തൊട്ടിയിൽ, പച്ചടി
III rd സാൻ ജയിംസ് കുന്നേൽ, മാവടി

**ചെറുകഥ**

I st ആൽബർട്ട് കുര്യൻ പള്ളത്ത്, രാജാക്കാട്
II nd ജോയി തോമസ് കാട്ടുപാലത്ത്, കാമാക്ഷി
III rd മണി കെ.സി കല്ലൂക്കുളങ്ങര, തൊവരയാർ

### സൂപ്പർ സീനിയർ പെൺകുട്ടികൾ

**ഉപന്യാസം**

I st അലൻ മരിയ ജോസ് രാമച്ചനാട്ട്, നെല്ലിപ്പാറ
II nd ഷീബ ജോസ് പുറവക്കാട്ട്, തൊവരയാർ
III rd ബിൻസി ജോബി വാരിക്കാട്ട്, വാഴത്തോപ്പ്

കവിത

I[st] സിസി സണ്ണി കണ്ണംചിറയിൽ, എഴുകുംവയൽ
II[nd] ശാലിനി കുര്യൻ പാലചുവട്ടിൽ പനംകുട്ടി
III[rd] ഐശ്വര്യ മൈക്കിൾ കോലോത്ത്, എഴുകുംവയൽ

ചെറുകഥ

I[st] ജിസ്മി സി.ജെ ചേന്നാട്ട്, ഇരട്ടയാർ
II[nd] മിനി വി. ഡി. തെക്കേൽ, പൊട്ടൻകാട്
III[rd] അമല മാത്യു കൊല്ലംകുഴിയിൽ, സ്ലീവാമല

**CML 43/16** **മിഷൻ ഞായർ 2016**

ഒക്ടോബർ 16-ാം തീയതി മിഷൻ ഞായർ എല്ലാ ശാഖകളിലും സമുചിതമായി ആചരിക്കുമല്ലോ.

## കെ.സി.എസ്.എൽ.

**KCSL 42/16** **രൂപതാ കലോത്സവം**

ഈ വർഷത്തെ കെ.സി.എസ്.എൽ. രൂപതാ കലോത്സവം ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടും. ഓരോ സ്കൂളിൽ നിന്ന് ഓരോ മത്സര ഇനങ്ങൾക്കും ഒരു കുട്ടിക്ക്/ഒരു ടീമിന് മാത്ര മായിരിക്കും പങ്കെടുക്കുവാൻ അവസരം. ഒരു മത്സരാർത്ഥിക്ക് വ്യക്തിഗതമായി രണ്ടിനങ്ങളിലും, സംഘമായി രണ്ടിനങ്ങളിലും പങ്കെടുക്കാം.

പഠനക്കളരി മത്സര വിഷയങ്ങൾ

U.P. - 'കരുണയുള്ള ഒരു മനുഷ്യനാവുക - ഇതാണ് ക്രൈസ്തവ സാക്ഷ്യം'.
H.S. - 'അനേകരുടെ ജീവിത വേദനകളിൽ ഒഴിക്കാനുള്ള കരുണ യാകണം നമ്മുടെ ജീവിത സമ്പത്ത്'.
H.S.S.- 'അപരന്റെ ദു:ഖങ്ങൾ നമ്മുടേതാക്കി മാറ്റാനുള്ള ഒരു മന സ്സുമായി നമുക്കുണരണം'.



**KCSL 43/16** **സംസ്ഥാന സാഹിത്യോത്സവം**

കെ.സി.എസ്.എൽ. സംസ്ഥാന സാഹിത്യോത്സവം ഒക്ടോ ബർ 8-ാം തീയതി ശനിയാഴ്ച പാലാരിവട്ടം പി.ഒ.സി. യിൽ നടത്ത പ്പെടും. മത്സരത്തിന് അർഹരായവർ നിർബന്ധമായും പങ്കെടുക്കു മല്ലോ. രൂപതാ സാഹിത്യോത്സവം വിജയകരമാക്കിയ എല്ലാവർക്കും പ്രത്യേകം നന്ദി.

## കെ.സി.വൈ.എം.

**KCYM 33/16** **വടംവലി മത്സരം**

ഇടുക്കി രൂപതയിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വടംവലി മത്സരം നടത്തി. സെപ്റ്റംബർ 17 ന് കുഞ്ചിത്തണ്ണി ഹോളി ഫാമിലി ഓഡിറ്റോറിയത്തിൽ നടന്ന മത്സരത്തിൽ 23 ടീമുകൾ പങ്കെ ടുത്തു. ഉടുമ്പൻചോല എം.എൽ.എ. ശ്രീ. എം.എം. മണി മത്സരം ഉദ്ഘാടനം ചെയ്യുകയും റവ. ഫാ. ജോസ് മോനിപ്പള്ളിൽ ആമുഖ സന്ദേശം നല്കുകയും ചെയ്തു. രാജാക്കാട് കെ.സി.വൈ.എം. ടീം ഒന്നാം സ്ഥാനവും രാജമുടി ടീം രണ്ടാം സ്ഥാനവും ഈട്ടിത്തോപ്പ് ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കൽ, റവ. ഫാ. ജിമ്മി കുഴികണ്ടത്തിൽ, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. സിജോ ഇലന്തൂർ, രൂപതാ പ്രസിഡന്റ് ശ്രീ. സാബു കുന്നുപുറം തുടങ്ങിയവർ സമ്മാനങ്ങൾ നല്കി. പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി.

## മദ്യവിരുദ്ധസമിതി

**MVS 17/16** **രൂപതാ കമ്മിറ്റി**

24-08-2016 ബുധനാഴ്ച്ച 2.30 pm ന് നെടുങ്കണ്ടം സെന്റ് സെബാ

സ്റ്റ്യൻസ് പള്ളിയിൽ വച്ച് രൂപതാ കമ്മറ്റി കൂടുകയുണ്ടായി. ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് പപ്പാടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മദ്യവിമുക്തസമൂഹത്തിനായി കൂടുതൽ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ വരുംനാളുകളിൽ സംഘടിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇക്കഴിഞ്ഞ നിയമ സഭാതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് സംഘടിപ്പിച്ച മദ്യനിരോധ നപ്രചരണയാത്ര ചർച്ചാവിഷയമായി. നല്ല കൃത്യതയും വ്യക്തതയും ആലോചനയും ഇത്തരം കാര്യങ്ങളിൽ ആവശ്യമുണ്ടെന്ന് അഭിപ്രായമുണ്ടായി. ഏറ്റവും വലിയ സാമൂഹ്യതിന്മയായ മദ്യ പാനവും അത് നിരോധിക്കുകവഴി സംജാതമാവുന്ന സമാധാനാന്ത രീക്ഷവും കേരളത്തിന് അടിയന്തിരാവശ്യമാണ്. അതിനായുള്ള പൊതുജനപിന്തുണ ആർജ്ജിച്ചെടുക്കുവാനും നമുക്ക് സാധിക്കണം എന്ന് യോഗം അഭിപ്രായപ്പെട്ടു. പുതിയതായിട്ട് ഓൺലൈൻ മദ്യ വ്യാപാരം തുടങ്ങുന്നതിനുള്ള ആലോചനകളെ യോഗം അപലപി ച്ചു. 10 ശതമാനം ബിവറേജസ് ശാലകൾ ഓരോ വർഷവും നിർത്ത ലാക്കുക എന്നുള്ള ജനകീയ മദ്യ നയത്തിൽ നിന്നും വ്യതിചലിക്കു വാനുള്ള ഇപ്പോഴത്തെ ഗവൺമെന്റിന്റെ തീരുമാനങ്ങളെ മുഴുവൻ ശക്തിയുമുപയോഗിച്ച് എതിർക്കുമെന്ന് ഈ യോഗം മുന്നറിയിപ്പു നൽകി.

ഒക്ടോബർ 2 ഗാന്ധിജയന്തി അനുസ്മരണവും മദ്യവിരുദ്ധ ഉപവാസവും എഴുകുംവയലിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ഒക്ടോബർ 8 സാഹിത്യമത്സരങ്ങൾ മുൻ നിശ്ചയപ്രകാരം നെടു ങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ച് പതിവുപോലെ നട ത്തപ്പെടും.

യോഗത്തിൽ പങ്കെടുത്തുകൊണ്ട് കെ.സി.ബി.സി. മദ്യവിരു ദ്ധസമിതി ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമാ ക്കൽ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. റോജസ് എം. ജോർജ്ജ്, ആനിമേറ്റർ സിസ്റ്റർ ലീജ എസ്.ഡി., സിസ്റ്റർ ബിയ, ശ്രീ. മൈക്കിൾ വാഴയിൽ, ശ്രീ. ജോസ് ഇഞ്ചയിൽ, ശ്രീ. ബാബു ചിരട്ടോലീൽ, ശ്രീ മതി സോഫി ജോർജ്ജ്, ശ്രീ. തോമസ് അമ്പാട്ട്, തുടങ്ങിയവർ സംസാ രിച്ചു.



# ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 27/16 ഏലീശ്വാ ധ്യാനം**

ഒക്ടോബർ 14 വെള്ളി വൈകിട്ട് 5 മണിക്ക് തുടങ്ങി 16 ഞായർ 3 മണിക്ക് സമാപിക്കുന്നു. ഫീസ് 400 രൂപ.

**FA 28/16 വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| 2016 ഒക്ടോബർ | 10 തിങ്കൾ | - | 12 ബുധൻ |
| ,, | 29 ശനി | - | 31 തിങ്കൾ |
| നവംബർ | 12 ശനി | - | 14 തിങ്കൾ |

സ്ഥലം - അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്റർ

ഫോൺ - 9496895111

**FA 29/16 പുതിയ ഫോൺ നമ്പർ**

ഫോൺ : 9744431979

സി. സുപ്പീരിയർ

ഹോളിഫാമിലി കോൺവെന്റ്

ചിന്നാർ നിരപ്പ്

# നവോമി കുടുംബ കേന്ദ്രം

**NFC 6/16 നവോമി ധ്യാനം**

വിധവകളായ അമ്മമാർക്കു വേണ്ടി അടിമാലി ആത്മജ്യോതി യിൽ ഒക്ടോബർ 13 വ്യാഴം 4 മണി മുതൽ 16 ഞായർ 1 മണിക്ക് സമാപിക്കുന്ന വിധത്തിൽ ധ്യാനം ഒരുക്കിയിരിക്കുന്നു. ഇടവകയിൽ നിന്നും അമ്മമാരെ പറഞ്ഞയക്കുവാൻ ബഹു. വൈദീകർ ശ്രദ്ധിക്കു മല്ലോ.

## NFC 7/16 പുതിയതായി തിരഞ്ഞെടുക്കപ്പെട്ട നവോമി സംഘടനാ ഭാരവാഹികൾ

**സെന്റ് ജോർജ്ജ് ചർച്ച് പാലാർ**

ഡയറക്ടർ - റവ. ഫാ. ജോർജ്ജ് മുള്ളൂർ
പ്രസിഡന്റ് - അന്നമ്മ ആനിയ്ക്കൽ
സെക്രട്ടറി - അന്നമ്മ കൊച്ചുപറമ്പിൽ
കമ്മറ്റി അംഗം - റോസമ്മ വേലനാത്ത്

**ഹോളി ഫാമിലി ചർച്ച് നസ്രത്തുവാലി**

ഡയറക്ടർ - റവ.ഫാ ഫിലിപ്പ് താഴത്തുവീട്ടിൽ
പ്രസിഡന്റ - മറിയാമ്മ ചെമരപ്പിള്ളി
സെക്രട്ടറി - എത്സമ്മ കോലാട്ട്
കമ്മറ്റി അംഗം - മേരിക്കുട്ടി കൊല്ലപ്പിള്ളിൽ

# മാതൃവേദി

## MV 18/16 ദമ്പതി ധ്യാനം

ഇടുക്കി രൂപത കപ്പിൾസ് മിനിസ്ട്രിയുടെയും, മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ രൂപതയിൽ ആദ്യമായി ദമ്പതി ധ്യാനം ആരംഭിക്കുകയാണ്. ആദ്യ ധ്യാനം 2016 നവംബർ 17 മുതൽ നവംബർ 20 വരെ നടത്തപ്പെടുകയാണ്. ധ്യാനത്തിലേക്ക് ദമ്പതികളെ പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ താത്പര്യപ്പെടുമല്ലോ.

സ്ഥലം: ആത്മജ്യോതി, അടിമാലി

സമയം: 2016 നവംബർ 17 05.00 pm ന് ആരംഭിക്കുന്നു.
2016 നവംബർ 20, 01.00 pm ന് അവസാനിക്കുന്നു.
രജിസ്ട്രേഷൻ ഫീസ്: 500/- (ഒരാൾക്ക്)

സീറ്റ് ബുക്കിംഗിന് : ഫാ. ജെയിംസ് മാക്കിയിൽ - 9526496747
ഫാ. മാത്യു ഇരുമ്പുകുത്തിയിൽ- 8281437554



സി. ജൂലി എഫ്.സി.സി. - 8281336742
പേളി ബെന്നി - 9605861789

# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 28/16 സോണൽ നേതൃത്വ ധ്യാനം

സെപ്റ്റംബർ മാസം 16, 17 തീയതികളിൽ കനകക്കുന്ന് സെന്റ് ജൂഡ് പള്ളിയിൽ വച്ച് കരിസ്മാറ്റിക്ക് സോണൽ ലീഡേഴ്സിനു വേണ്ടി നേതൃത്വധ്യാനം നടത്തി. 120 പേർ പങ്കെടുത്ത ധ്യാനത്തിന് രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ, ഫാ. ജോസ് നരിതൂക്കിൽ, ഇടുക്കി തങ്കച്ചായൻ എന്നിവർ നേതൃത്വം നൽകി.

## PG 29/16 പ്രീച്ചേഴ്സ്, കൗൺസിലേഴ്സ് പ്രോഗ്രം

ഒക്ടോബർ മാസം 1-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ രൂപതയിലെ വചന പ്രഘോഷകർ, കൗൺസിലിംഗ് നടത്തുന്നവർ എന്നിവർക്കായി ഏകദിന സെമിനാർ കനകക്കുന്ന് സെന്റ് ജൂഡ് പള്ളിയിൽവച്ച് നടത്തപ്പെടുന്നു. രൂപതാ വികാരി ജനറാൾ റവ. ഫാ. ജയിംസ് മംഗലശേരിയിൽ രൂപതാ ചാൻസിലർ റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ റവ. ഫാ. ജോസഫ് കോയിക്കൽ എന്നിവർ ഈ പ്രോഗ്രാമിന് നേതൃത്വം നല്കും.

## PG 30/16 കാരുണ്യ വർഷ കരിസ്മാറ്റിക് കൺവെൻഷൻ

ഒക്ടോബർ മാസം 22-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 4 മണിവരെ മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഓഡിറ്റോറിയത്തിൽ ഇടുക്കി സോണൽ കരിസ്മാറ്റിക്ക് കൺവെൻഷൻ നടത്തപ്പെടുന്നു. അഭിവന്ദ്യമാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്ന കൺവെൻഷന് രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ, ഫാ. ജോസ് നരിതൂക്കിൽ, K.C.C.R.S.T. വൈസ് ചെയർമാൻ ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ,

ഇടുക്കി തങ്കച്ചായൻ, സോണൽ കോ-ഓർഡിനേറ്റർ ശ്രീ. ജോസുകുട്ടി ചക്കുങ്കൽ എന്നിവർ നേതൃത്വം നല്കുന്നു.

### PG 31/16 ഇടവകാ പ്രാർത്ഥന ഗ്രൂപ്പ് സെമിനാറുകൾ

കരിസ്മാറ്റിക് ജൂബിലി വർഷത്തിന്റെ ഭാഗമായി പ്രാർത്ഥനാ ഗ്രൂപ്പു സെമിനാർ നടത്തപ്പെടുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കുന്ന ഇടവകാ സെമിനാറുകൾക്ക് സോണിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ക്ലാസുകൾക്ക് നേതൃത്വം നല്കുന്നു.

### PG 32/16 കരിസ്മാറ്റിക് ജൂബിലി സംഭാവന കൂപ്പൺ

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിൽ കരിസ്മാറ്റിക്ക് ജൂബിലി വർഷ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനായി ജൂബിലി സംഭാവന കൂപ്പൺ പ്രാർത്ഥന ഗ്രൂപ്പുകളിൽ എത്തിച്ചിട്ടുണ്ട്.

## കത്തോലിക്കാ കോൺഗ്രസ്

### AKCC 28/16 കാരുണ്യവർഷ പദ്ധതികൾ മനുഷ്യത്വത്തിന്റെ മുഖമുദ്ര: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

ചുരുളി: കത്തോലിക്ക കോൺഗ്രസ് ഇടുക്കിരൂപതാ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന കാരുണ്യവർഷ പദ്ധതികളിൽ മനുഷ്യത്വത്തിന്റെ മുഖമുദ്രയുണ്ടെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. എ.കെ.സി.സി.യുടെ നേതൃത്വത്തിൽ ചുരുളിയിൽ സംഘടിപ്പിച്ച ഫൊറോനാതല കാരുണ്യവർഷ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ അധ്യക്ഷത വഹിച്ചു. കോട്ടയം നവജീവൻ ട്രസ്റ്റ് ചെയർമാർ പി.യു. തോമസ് മുഖ്യപ്രഭാഷണം നടത്തി.



കാരുണ്യവർഷത്തോടനുബന്ധിച്ച് നടപ്പാക്കുന്ന ഭവന-ഭൂദാന പദ്ധതി എ.കെ.സി.സി. രൂപതാ ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ അവതരിപ്പിച്ചു. സാധു കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നല്കുന്നതിനുള്ള 15 സെന്റ് സ്ഥലത്തിന്റെ രേഖകൾ കഞ്ഞിക്കുഴി ഇടവകാഗം പന്താലാനിക്കൽ മാത്യു തോമസിൽ നിന്നും ഏറ്റുവാങ്ങി. ഭവന-ഭൂദാന പദ്ധതിയുടെ ഫൊറോനതല ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി നിർവഹിച്ചു.

ചർച്ചകൾക്ക് മുൻ പ്രസിഡന്റ് ജോസഫ് കുര്യൻ ഏറമ്പടം, ചുമ്മാർ മാത്യു തുടങ്ങിയവർ നേതൃത്വം നല്കി. ഫാ. ജോർജ്ജ് പാറക്കടവിൽ മോഡറേറ്ററായിരുന്നു. സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ, കെ.സി.എ.ഫ്. ട്രഷറർ പ്രഫ. ജോസുകുട്ടി ജെ. ഒഴുകയിൽ, സി.പി. ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു.

ചുരുളി ഫോറോന വികാരി ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ, ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ, ഫാ. ജോൺ മുണ്ടയ്ക്കാട്ട്, വൈസ് പ്രസിഡന്റ് മാത്യു മലേപ്പറമ്പിൽ, യൂണിറ്റ് പ്രസിഡന്റുമാർ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നല്കി.

### AKCC 29/16 ചുരുളി ഫൊറോനാ കമ്മറ്റി രൂപീകരിച്ചു

18-09-2016 ഞായറാഴ്ച 3 pm ചുരുളി ഫൊറോനാ വികാരി ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സി.പി. ജോർജ്ജിനെ ഫൊറോന പ്രസിഡന്റായി തിരഞ്ഞെടുത്തു. കഞ്ഞിക്കുഴി, വെൺമണി, പഴയരികണ്ടം, കീരിത്തോട്, തട്ടേക്കണ്ണി, കരിമ്പൻ, എന്നീ യൂണിറ്റ് പ്രസിഡന്റുമാരെ ഉൾപ്പെടുത്തി ഫൊറോന കമ്മറ്റി രൂപീകരിച്ച് ഫൊറോന ഡയറക്ടറായി ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ ചുമതലയേറ്റു.

### AKCC 30/16 സംസ്ഥാന വർക്കിഗ് കമ്മറ്റി

എ.കെ.സി.സി.യുടെ സംസ്ഥാന വർക്കിഗ് കമ്മിറ്റി കലൂർ റീജിയണൽ സെന്ററിൽ കൂടി. രൂപതാ ഭാരവാഹികൾ ഇതിൽ പങ്കെടുത്തു.

## AKCC 31/16 കാരുണ്യവർഷ കൺവെൻഷൻ പാറത്തോട്ടിൽ

പാറത്തോട്, വെള്ളത്തൂവൽ എന്നീ ഫൊറോനകളുടെ നേതൃത്വത്തിൽ കാരുണ്യവർഷ കൺവെൻഷൻ പാറത്തോട്ടിൽ ഒക്ടോബർ 1-ാം തീയതി നടത്തപ്പെടുന്നു. കൺവെൻഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യും. രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ്ജ് കോയിക്കൽ അദ്ധ്യക്ഷതവഹിക്കും കോട്ടയം നവജീവൻ ട്രസ്റ്റ് ചെയർമാൻ പി.യു. തോമസ് മുഖ്യപ്രഭാഷണം നടത്തും. രൂപതാ ഡയറക്ടർ ഫാ ജോർജ്ജ് പാട്ടത്തേക്കുഴി സ്വാഗതം ചെയ്യുന്ന യോഗത്തിൽ രൂപതാ ട്രഷറർ ശ്രീ. സണ്ണി കരിവേലിൽ, രൂപതാ വൈസ് പ്രസിഡന്റ് മാത്യു മലേപ്പറമ്പിൽ, യൂണിറ്റ് പ്രസിഡന്റുമാർ തുടങ്ങിയവർ നേതൃത്വം നല്കും.

## AKCC 32/16 അനുമോദിച്ചു

സംസ്ഥാനത്തെ മികച്ച അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ച ശ്രീ. സണ്ണി ജോർജ്ജ് കരിവേലിക്കലിന് രൂപതാ കമ്മറ്റിയുടെ അനുമോദനങ്ങൾ നേർന്നു. പാറത്തോട് പള്ളിയിൽ നടക്കുന്ന കാരുണ്യവർഷ കൺവെൻഷനിൽ സണ്ണിസാറിന് സ്വീകരണം നല്കുന്നതായിരിക്കും.

## AKCC 33/16 യൂണിറ്റ് സന്ദർശനം

രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തേക്കുഴി, രൂപതാ പ്രസിഡന്റ് കെ.സി. ജോർജ്ജ് കോയിക്കൽ ഫൊറോന വികാരിമാർ, രൂപതാ ട്രഷറർ ശ്രീ. സണ്ണി കരിവേലിക്കൽ വൈസ് പ്രസ്ഡന്റ് മാത്യു മലേപ്പറമ്പിൽ എന്നിവർ പാറത്തോട് വെള്ളത്തൂവൽ ഫൊറോനകളിലെ യൂണിറ്റുകൾ സന്ദർശിക്കുന്നതാണ്.





# കേരള ലേബർ മൂവ്മെന്റ്

## KLM 54/16 സുരക്ഷാ പദ്ധതി

കെ.എൽ.എം. സുരക്ഷാ പദ്ധതിയിൽ ചേർന്നിരിക്കുന്നവർ 2016 വർഷത്തെ വാർഷിക തവണ ഡിസംബർ 1 മുതൽ 30 വരെ തീയതികൾക്കുള്ളിൽ രൂപതാ ഓഫീസിലെത്തിക്കേണ്ടതാണ്.

## KLM 55/16 സംസ്ഥാന വാർഷിക കൗൺസിൽ

കെ.എൽ.എം. സംസ്ഥാന വാർഷിക കൗൺസിൽ 2017 ജനുവരി 28, 29 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടക്കും. ഇടുക്കി രൂപതയിൽ നിന്നും 5 പേർ പങ്കെടുക്കണം.

## KLM 56/16 സംസ്ഥാന നേതൃത്വ സംഗമം

കെ.എൽ.എം. സംസ്ഥാന നേതൃസംഗമം എറണാകുളം പി.ഒ.സി. യിൽ നടന്നു. സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപതയിൽ നിന്നും രൂപത പ്രസിഡന്റ് ജോർജ്ജ് അമ്പഴം, സെക്രട്ടറി ബേബി സേവ്യർ എന്നിവർ പങ്കെടുത്തു.

## KLM 57/16 കേരളാ ലേബർ മൂവ്മെന്റ് ഒരു എത്തിനോട്ടം

കേരളാ കത്തോലിക്ക മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരളാ ലേബർ മൂവ്മെന്റ് (KLM) ഒരു സർക്കാരിതര സാമൂഹിക സംഘടനയാണ്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമുള്ള പ്രവർത്തനങ്ങൾക്കാണ് കെ.എൽ.എം. പ്രാധാന്യം നല്കി വരുന്നത്.

1981-ൽ ലെയോ പതിമൂന്നാമൻ പാപ്പ പ്രസിദ്ധികരിച്ച ''റേരും നൊവാരും'' എന്ന ചാക്രിക ലേഖനത്തോടെയാണ് തിരുസഭയുടെ ഔദ്യോഗിക സാമൂഹിക ശ്രുശ്രൂഷകളിലൊന്നായി തൊഴിലാളി പ്രേഷിതത്വം മാറുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം

തൊഴിലാളി ശ്രുശ്രൂഷ കൂടുതൽ മൂർത്തമായിരുന്നു. 1972 ലായിരുന്നു രണ്ടാം വത്തിക്കാൻ തുടങ്ങിവച്ച നവീകരണ പ്രക്രീയയുടെ അരു പിക്കനുസൃതമായി ഭാരത കത്തോലിക്കാ സഭ പുനസംഘടിപ്പിക്ക പ്പെട്ടത്. ഇതിന്റെ ഭാഗമായി CBCI തലത്തിൽ തൊഴിൽകാര്യ കമ്മീ ഷനും സ്ഥാപിക്കപ്പെട്ടു. തുടർന്ന് KCBC തലത്തിലും ലേബർ കമ്മീ ഷൻ രൂപീകരിക്കപ്പെട്ടു. 1975 ജനുവരി 25, 26, 27 തീയതികളിൽ തൃശൂരിൽ നടന്ന ത്രിദിന സമ്മേളനത്തിൽ വച്ചായിരുന്നു KCBC തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യാഗിക സംഘടനയായ കേരളാ ലേബർ മൂവ്മെന്റ് പിറവിയെടുത്തത്. പിന്നീട് സംസ്ഥാനതലത്തിൽ ക്ലാസുകളും സമ്മേളനങ്ങളും നടത്തി. പല രൂപതകളിലും രൂപം കൊണ്ട കെ.എൽ.എം. ഘടകങ്ങൾ നിരവധി മുന്നേറ്റങ്ങൾ നടത്തി.

വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും വിചിന്തന ങ്ങൾക്കും ശേഷം കെ.എൽ.എം. ന് സംസ്ഥാന നിയമാവലിയും വ്യക്തതയുള്ള പ്രവർത്തന പരിപാടികളും ആവിഷ്കരിക്കപ്പെടുക യുണ്ടായി. അസംഘടിത തൊഴിലാഴികളുടെ സംഘാടനവും ശാക്തീകരണവും കെ.എൽ.എം. ന്റെ ഒരു പ്രധാന അജണ്ടയായി മാറി. ഇന്ന് കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം. ന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചു കഴിഞ്ഞു. ഇടുക്കി രൂപതയിൽ കെ.എൽ.എം. ന്റെ നേതൃത്വത്തിൽ എട്ടു തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ വനിതകൾക്കായി വനിതാ ഫോറം, കപ്യാരന്മാർ ഉൾപ്പടെയുള്ള സഭാ ശുശ്രൂഷികൾക്കായി സഭാ ജീവ നക്കാരുടെ ഫോറം, കെ.എൽ.എം. ഫാം ഫ്രണ്ട്സ് സ്കൂൾ പാചക തൊഴിലാളി ഫോറം എന്നിവയൊക്കെ നമ്മുടെ രൂപതയിൽ കെ.എൽ.എം. ന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആവേശം പകരു ന്നു.

അഭിവന്ദ്യ പിതാവ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ രക്ഷാ ധികാരിയായും റവ. ഫാ. ജോസഫ് പപ്പാടി ഡയറക്ടറായും ജോർജ്ജ് അമ്പഴം പ്രസിഡന്റായും ബേബി സേവ്യർ സെക്രട്ടറി യായും സിസ്റ്റർ ചൈതന്യ CMC മോഡറേറ്ററായും പ്രവർത്തിക്കുന്ന കെ.എൽ.എം. ഇടുക്കി രൂപതയിൽ കുറഞ്ഞ് 10 പേരെങ്കിലുമുള്ള ഇടവക തല യൂണിറ്റുകൾ രൂപികരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 20



രൂപ മെമ്പർഷിപ്പ് ഫീസായി അടച്ച് അംഗത്വമെടുത്ത് എല്ലാ ഇടവക കളിലും യൂണിറ്റുകൾ രൂപികരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയ ച്ചന്മാരുടെ സഹകരണം ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു. കൂടു തൽ വിവരങ്ങൾക്ക് 9495125585.

**KLM 58/16 രൂപതാ കമ്മിറ്റി**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റി ഒക്ടോ ബർ 8-ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് എഴുകുംവയൽ പള്ളി പാരി ഷ്ഹാളിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പപ്പാടിയുടെ അദ്ധ്യക്ഷതയിൽ നടക്കും.

# കരുണ ആശുപത്രി

### മെഡിക്കൽ സർവീസസ്

* മിൽമയുടെ ആരോഗ്യ ഇൻഷ്യൂറൻസ് പദ്ധതിയായ ക്ഷീര ജ്യോതി യിൽ അംഗങ്ങളായിട്ടുള്ളവർക്ക് ക്യാഷ്ലസ്സ് ചികിത്സാ സൗകര്യം കരുണ ആശുപത്രിയിൽ ലഭിക്കുന്നതാണ്.
* വിദേശരാജ്യങ്ങളിലേക്ക് പരിചരണ ജോലിക്കായി (Care Givers) പോകാനാഗ്രഹിക്കുന്നവർക്കുവേണ്ടി, ഹ്രസ്വകാല നേഴ്സിങ്ങ് പരിശീലനം കരുണാ ആശുപത്രിയിൽ ആരംഭിച്ചിരിക്കുന്നു. കോ ഴ്സിൽ പങ്കെടുക്കുന്നവർക്ക് വിദേശകാര്യ വകുപ്പിന്റെ അറ്റസ്റ്റേ ഷൻ സൗകര്യമുള്ള Nursing assistant സർട്ടിഫിക്കറ്റുകൾ ലഭിക്കു ന്നതാണ്.
* B.Com Computer പാസായ ഉദ്യോഗാർത്ഥികൾക്ക് ഹോസ്പിറ്റൽ അക്കൗണ്ടൻസിയിൽ പ്രത്യേക പരിശീലനവും സർട്ടിഫിക്കറ്റും കരുണാ ആശുപത്രിയിൽ നിന്നും ലഭിക്കുന്നതാണ്.
* ജനറൽ നേഴ്സിങ്ങ് ഏതാനം സീറ്റുകൾ ഒഴിവുണ്ട് +2 പാസായ താല്പര്യമുള്ള പെൺകുട്ടികൾ ഉടൻ അപേക്ഷിക്കുക.

# ഡി.എഫ്.സി.

**DFC 1/16 രൂപതാ ഭാരവാഹികൾ**

പ്രസിഡന്റ് : ശ്രീ. ജെയിംസ് മ്ലാക്കുഴി
വൈ. പ്രസിഡന്റ് : ശ്രീമതി ജാൻസി ടോമി ചക്കാംകുന്നേൽ
സെക്രട്ടറി : ശ്രീ. ദീപക് കൊച്ചുപുരയ്ക്കൽ
ജോ. സെക്രട്ടറി : ശ്രീ. ജോൺസൺ പന്തതലയ്ക്കൽ
ട്രഷറർ : ശ്രീ. ജേക്കബ് കറുകപ്പിള്ളിൽ

**DFC 2/16 ഫോറോന കോർഡിനേറ്റർമാർ**

ചുരുളി : വെ. റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ
ഇരട്ടയാർ : വെ. റവ. ഫാ. ഫ്രാൻസീസ് ഇടവകണ്ടം
കൂമ്പൻപാറ : വെ. റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ
നെടുംങ്കണ്ടം : റവ. ഫാ. ജോർജ്ജ് മുള്ളൂർ
പാറത്തോട് : റവ. ഫാ. ജോസഫ് കട്ടക്കയം
രാജാക്കാട് : വെ. റവ. ഫാ. അബ്രാഹം പുറയാറ്റ്
തങ്കമണി : റവ. ഫാ. കുര്യൻ കുര്യാസ്
വാഴത്തോപ്പ് : റവ. ഫാ. നിർമ്മൽ തുണ്ടത്തിൽ
വെള്ളത്തൂവൽ : റവ. ഫാ. ആന്റണി പാലപുളിയ്ക്കൽ
വെള്ളയാംകുടി : വെ. റവ. ഫാ. ജോസ് പ്ലാച്ചിയ്ക്കൽ

**DFC 3/16 ദീപിക പ്രചരണ മാസം**

2016 ഒക്ടോബർ, നവംബർ മാസങ്ങൾ ഇടുക്കി രൂപതയിലെ എല്ലാ ഇടവകകളിലും ദീപിക പ്രചാരണമാസമായി ആചരിക്കുന്നു. ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ വിവിധ സംഘങ്ങളായി എല്ലാ ഭവനങ്ങളും സന്ദർശിച്ച് അതാതു ഇടവകകളിലെ ദീപികയുടെ സർക്കുലേഷൻ പരമാവധി വർദ്ധിപ്പിക്കുവാൻ സഹായിക്കണേ.

**DFC 4/16 വാഴത്തോപ്പ് ഫൊറോന കൺവെൻഷൻ**

2016 സെപ്റ്റംബർ 24-ാം തീയതി ശനിയാഴ്ച വാഴത്തോപ്പ് ഫൊറോന ഇടവകയിലെ എല്ലാ ഇടവകകളിലേയും ഡി.എഫ്.സി.



അംഗങ്ങളുടേയും നേതൃത്വത്തിലുള്ളവരുടേയും ഫൊറോനാ കൺവെൻഷൻ വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തിഡ്രൽ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. പെ. ബഹു. ജയിംസ് മംഗലശ്ശേരിയിൽ ഉദ്ഘാടനം ചെയ്ത ഫോറോന കൺവെൻഷനിൽ കൊച്ചേട്ടൻ റവ. ഫാ. റോയി കണ്ണഞ്ചിറ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന കോർഡിനേറ്റർ ബഹു. നിർമ്മൽ തുണ്ടത്തിലച്ചനും ഫൊറോനാ ഡി.എഫ്.സി. ഭാരവാഹികളും കൺവെൻഷന് നേതൃത്വം നല്കി.

**DFC 5/16 സൗജന്യ മെഡിക്കൽ ക്യാമ്പ്**

2016 സെപ്റ്റംബർ 21-ാം തീയതി ഡി.എഫ്.സി. ഇടുക്കി രൂപതാ ടീമിന്റെ നേതൃത്വത്തിൽ അടിമാലി മോർണിംഗ് സ്റ്റാർ ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ കാന്തല്ലൂർ വേളാങ്കണ്ണി മാതാ പള്ളിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. 150-തോളം രോഗികൾ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു.






01-02 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

03 രൂപതാകേന്ദ്രത്തിൽ നടന്ന സോഷ്യൽ സർവ്വീസ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

* നവീകരിച്ച തങ്കമണി സെന്റ് തോമസ് ഇടവക ദൈവാലയത്തിന്റെ കൂദാശകർമ്മം നടത്തി.

04 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് മാങ്കുളം പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

06 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് രാജകുമാരി പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

10 മുരിക്കാശ്ശേരി എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ ഫോർമേഷൻ ഡേയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

11 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ബഹു. വൈദീകരുടെ ആദ്യബാച്ചിന്റെ വാർഷിക ധ്യാനത്തിൽ ആമുഖ സന്ദേശം നല്കി.

15 അടിമാലി സി.എം.സി. പ്രെവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

16 ബഹു. വൈദീകരുടെ ആദ്യ ബാച്ചിന്റെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് ആത്മജ്യോതിയിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.



17 കുതിരക്കല്ല് എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

18 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ബഹു. വൈദീകരുടെ രണ്ടാം ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ ആമുഖ സന്ദേശം നല്കി.

19 കരിമ്പൻ എഫ്.സി.സി. കോൺവെന്റിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

20 വിമലഗിരി സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* അടിമാലി സി.എസ്.എൻ. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

21 അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

22. രാജമുടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* കൂമ്പൻപാറ സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

23 ബഹു. വൈദീകരുടെ രണ്ടാം ബാച്ചിന്റെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് ആത്മജ്യോതിയിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.

24 ഇടുക്കി സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

25. ബഥേൽ ഇടവകയിൽ പ്രരംഭകൂദാശകൾ നല്കി.




| | | |
|---|---|---|
| 01 | 09.45 am | - എ.കെ.സി.സി., പാറത്തോട് |
| 02 | | - ഇടവക സന്ദർശനം, ആനച്ചാൽ |
| 03 | 06.30 am | - വി. കുർബാന, കരിമ്പൻ |
| 04 | 07.00 am | - വി. കുർബാന, എഫ്.എച്ച്.എസ്.എ. തങ്കമണി |
| 08 | 10.00 am | - ക്രെഡിറ്റ് യൂണിയൻ രാജമുടി |
| 09 | 03.30 pm | - ശിലാസ്ഥാപനം, കോഴിമല |
| 11 | 12.00 pm | - Deacons and Parents meet, വാഴത്തോപ്പ് |
| 12 | 09.30 am | - തിരുപ്പട്ടം, ഭൂമിയാംകുളം |
| 15 | 10.00 am | - സി.എം.ഐ. സ്കൂൾ വെഞ്ചിരിപ്പ്, അടിമാലി |
| 16 | | - ഇടവക സന്ദർശനം, മൂന്നാർ, വട്ടവട |
| 19 | 10.00 am | - സ്റ്റഡിഫോറം, ആത്മജ്യോതി അടിമാലി |
| 22 | 10.30 am | - കരിസ്മാറ്റിക് കൺവെൻഷൻ, മുരിക്കാശ്ശേരി |
| 25-26 | | - Regional Bishops' Meeting, തിരുവല്ല |
| 29 | 09.30 am | - എ.കെ.സി.സി., നെടുങ്കണ്ടം |
| | | - ചാപ്പൽ വെഞ്ചരിപ്പ്, കരുണാ ഹോസ്പിറ്റൽ, നെടുങ്കണ്ടം |
| 30 | | - ഇടവക സന്ദർശനം, മേരിലാന്റ് |
| 31 | 03.30 pm | - വൈദിക മന്ദിരം വെഞ്ചരിപ്പ്, കനകക്കുന്ന് |